# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 ലക്കം 89 പേജ് 8 മാർച്ച് 1–15

2 വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ.ഡോ.എം.ഒ.ജോൺ തെരഞ്ഞെടുക്കപ്പെടണം

2 കോനാട്ടച്ചൻ തുടരണമെന്നുള്ളത് വടക്കുള്ളവരുടെ ആഗ്രഹമായി ആരും കരുതരുത്

6 വൈദികട്രസ്റ്റി സ്ഥാനം ആലങ്കാരികമോ

7 സ്വഭാവഹത്യയ്ക്ക് മുൻഗണന നൽകുന്ന പ്രചരണങ്ങളും പ്രസിദ്ധീകരണങ്ങളും

### മലങ്കര അസോസിയേഷൻ

## ഒരുക്കങ്ങൾ പൂർത്തിയായി, ഓഫീസ് ഉദ്ഘാടനവും പന്തലിന്റെ കാൽനാട്ടുകർമ്മവും നടന്നു

പത്തനംതിട്ട : മാർച്ച് 7ന് നടക്കുന്ന മലങ്കര സുറിയാനി ക്രസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. സമ്മേളനത്തിന്റെ മുന്നോടിയായി ഓഫീസിന്റെ ഉദ്ഘാടനവും പന്തലിന്റെ കാൽനാട്ടു കർമ്മവും പ.കാതോലിക്കാ ബാവാ നിർവ്വഹിച്ചു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഭദ്രാസന സെക്രട്ടറി ഫാ.ടൈറ്റസ് ജോർജ്, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

സമ്മേളനത്തിനു മുന്നോടിയായി 5ന് ചന്ദനപ്പള്ളി സെന്റ് ജോർജ് ആഗോള തീർത്ഥാടന കേന്ദ്രത്തിൽനിന്ന് കൊടിമര ഘോഷയാത്രയും മാവേലിക്കരയിൽനിന്ന് മാർ ഒസ്താത്തിയോസ് ദീപശിഖാ പ്രയാണവും പരുമലയിൽനിന്ന് കാതോലിക്കേറ്റ് പതാക പ്രയാണവും പുറപ്പെടും. മാർച്ച് 7ന് സമ്മേളനസ്ഥലത്ത് രാവിലെ 9.30 മുതൽ രജിസ്ട്രേഷൻ ആരംഭിക്കും. 2മണിയോടെ തെരഞ്ഞെടുപ്പ് നടപടിൾ തുടങ്ങും.


## വൈദികട്രസ്റ്റിസ്ഥാനത്തേക്ക് ഫാ.ഡോ.എം.ഒ. ജോൺ, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവരും, അത്മായട്രസ്റ്റി സ്ഥാനത്തേക്ക് എം.ജി.ജോർജ് മുത്തൂറ്റ്, സി.സി.ചെറിയാൻ, അഡ്വ.മത്തായി ഈപ്പൻ വെട്ടത്ത് എന്നിവരും സ്ഥാനാർത്ഥികൾ

## മാർച്ച് 7ന് പത്തനംതിട്ടയിൽ മലങ്കര അസോസിയേഷൻ യോഗത്തിൽ തെരഞ്ഞെടുപ്പ് നടക്കും

### വൈദികട്രസ്റ്റി തെരഞ്ഞെടുപ്പ്

## ഫാ.ഡോ.എം.ഒ.ജോണിന് വിജയം ഉറപ്പ്

ഫാ.സി.ഡി.തോമസ് വടകോട്



കോട്ടയം : മലങ്കര അസോസിയേഷൻ യോഗത്തിൽ വൈദികട്രസ്റ്റിസ്ഥാനത്തേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ഫാ.ഡോ.എം.ഒ.ജോൺ വൻഭൂരിപക്ഷത്തോടെ വിജയിക്കുമെന്ന് വിവിധ സ്ഥലങ്ങളിൽനിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കൊല്ലം, തുമ്പമൺ, നിരണം തുടങ്ങിയ ഭദ്രാസനങ്ങളിലും അതിനോട് ചേർന്നുള്ള തിരുവനന്തപുരം, കൊട്ടാരക്കര-പുനലൂർ, അടൂർ – കടമ്പനാട്, ചെങ്ങന്നൂർ, മാവേലിക്കര, നിലയ്ക്കൽ തുടങ്ങിയ ഭദ്രാസനങ്ങളിൽ എം.ഒ. ജോണച്ചന് അനുകൂലമായി ഒരു തരംഗം തന്നെ ഉണ്ടായികഴിഞ്ഞു എന്നാണ് മനസ്സിലാക്കുന്നത്. ഈ ഭദ്രാസനങ്ങളിൽ രണ്ടോ മൂന്നോ വൈദികർ ഒരുമിച്ചുകൂടുന്ന അവസരങ്ങളിലെല്ലാം ഫാ.ഡോ.എം.ഒ.ജോണിന്റെ വിജയസാധ്യതകളെക്കുറിച്ചാണ് വിലയിരുത്തപ്പെടുന്നത്. മലബാർ, ബത്തേരി, കുന്നംകുളം തുടങ്ങിയ വടക്കൻ ഭദ്രാസനങ്ങളിലും എം.ഒ.ജോണച്ചനുതന്നെയാണ് മുൻതൂക്കം.

ഒരുതവണ നിന്നവർ വീണ്ടും നിൽക്കരുത്. പുതിയ ആളുകൾ തെരഞ്ഞെടുക്കപ്പെടട്ടെ എന്ന് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ പരസ്യമായി പറഞ്ഞ അഭിപ്രായമാണ് ഭൂരിപക്ഷം തിരുമേനിമാർക്കും വൈദികർക്കും ഉള്ളത്. വിശ്വാസികളുടെ അഭിപ്രായവും മറിച്ചല്ല. പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മാനേജിംഗ് കമ്മിറ്റിയിൽ 25 ശതമാനത്തിൽ താഴെ മാത്രമെ പഴയ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളു. പ്രമുഖരായ പല സ്ഥാനാർത്ഥികളും രണ്ടാമതു മത്സരിക്കുന്നു എന്ന കാരണംകൊണ്ടുമാത്രം പല ഭദ്രാസനങ്ങളിലും പരാജയപ്പെട്ടു. സഭാസ്ഥാനികളുടെ തെരഞ്ഞെടുപ്പിലും, പ്രത്യേകിച്ച് വൈദികട്രസസ്റ്റി തെരഞ്ഞെടുപ്പിൽ ഈ പ്രവണത തുടരും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. വിവിധ മേഖലകളിൽ പ്രവർത്തിപരിചയം തെളിയിച്ചിട്ടുള്ള ഫാ.ഡോ.എം.ഒ.ജോണിന് ഒരവസരം കൊടുക്കണം എന്നാണ് ഞാൻ ബന്ധപ്പെട്ടിട്ടുള്ള ഭൂരിപക്ഷം വൈദികരും അഭിപ്രായപ്പെടുന്നത്.

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പതിനായിരങ്ങളുടെ അന്ത്യാഞ്ജലി



മാവേലിക്കര : മലങ്കരസഭയുടെ സീനിയർ മെത്രാപ്പോലീത്താ പതിനായിരങ്ങളുടെ അശ്രുപൂജ സ്വീകരിച്ച് ഓർമ്മയായി മാറി.

മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്റർ ചാപ്പലിനോട് ചേർന്ന് പ്രത്യേകം നിർമ്മിച്ച കല്ലറയിൽ പ.ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനിയുടെയും പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും പ്രധാന കാർമ്മികത്വത്തിൽ കബറടക്ക ശുശ്രൂഷ നടന്നു. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും സഹകാർമ്മികരായിരുന്നു. ആയിരക്കണക്കിന് വൈദികരും മലങ്കര സഭയുടെ നാനാഭാഗങ്ങളിൽനിന്നെത്തിയ വിശ്വാസിസഹസ്രങ്ങളും പ്രിയപ്പെട്ട ഒസ്താത്തിയോസ് തിരുമേനിക്ക് അന്ത്യയാത്രാമൊഴി നേരുവാൻ മാവേലിക്കരയിലും പത്തിച്ചിറയിലും പരുമലയിലും എത്തിയിരുന്നു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, വിവിധ സഭാമേലദ്ധ്യക്ഷന്മാർ സാമൂഹ്യ സാംസ്ക്കാരിക നേതാക്കന്മാർ തുടങ്ങി സമൂഹത്തിന്റെ നാനാ തുറയിൽപ്പെട്ട നൂറുകണക്കിന് ആളുകൾ അന്തരിച്ച മെത്രാപ്പോലീത്തായ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

## സാമൂഹ്യനീതിയുടെ പ്രവാചകന് യാത്രാമൊഴി

കഴിഞ്ഞ അരനൂറ്റാണ്ടുകാലം മലങ്കരസഭ.യുടെ വിവിധ മേഖലകളിൽ ജ്വലിച്ചുനിന്നിരുന്ന പ്രകാശഗോപുരമായിരുന്ന അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി ദീപ്തമായ ഒരോർമ്മയായി. അമ്പതുവർഷത്തിലധികം അദ്ദേഹം വൈദികസെമിനാരി അദ്ധ്യാപകനായിരുന്നു. മലങ്കരസഭയിലെ ബഹുഭൂരിപക്ഷം വൈദികരും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. അവരെല്ലാം നിഷ്കളങ്കനും, ശ്രേഷ്ഠനും, പണ്ഡിതനുമായ ഒരു ഗുരുവര്യനായി അഭിവന്ദ്യ തിരുമേനിയെ അനുസ്മരിക്കുന്നു. അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന വേദശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ഇംഗ്ലീഷിലും മലയാളത്തിലുമായി അറുപതിലധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങൾ സംബന്ധിച്ച് ആയിരക്കണക്കിന് ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

ഹൃദയത്തിൽ കുത്തുകൊള്ളത്തക്ക നിലയിലും കേൾവിക്കാരിൽ ആവേശമുണർത്തിയും മലങ്കരസഭയിൽ അങ്ങോളമിങ്ങോളം പ്രസംഗിച്ചു നടന്ന ഉജ്ജ്വല വാഗ്മിയായിരുന്നു വന്ദ്യ തിരുമേനി. അനേകായിരങ്ങളുടെ മനസ്സുകൾക്ക് ആശ്വാസം പകരുന്നതായിരുന്നു തിരുമേനിയുടെ പ്രസംഗങ്ങൾ. മാനസാന്തരത്തിലേക്കും സമൂല പരിവർത്തനത്തിലേക്കും നയിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ. അനേകരെ ദൈവസ്നേഹത്തിലേക്കും ശുശ്രൂഷയിലേക്കും നയിക്കാൻ പര്യാപ്തമായിരുന്നു ആ വാക്കുകൾ. ജീവിതത്തിന്റെ അവസാന നാളുകൾവരെ കിറുകൃത്യതയോടെ, തികഞ്ഞ ആത്മബോധത്തോടെ അദ്ദേഹം പ്രസംഗിച്ചു. ആ ശബ്ദം എന്നത്തേക്കുമായി നിലച്ചു.

അനാഥർക്കും ആലംബഹീനർക്കും അഗതികൾക്കും വേണ്ടി ഉഴിഞ്ഞുവെച്ചതായിരുന്നു അവിടുത്തെ ജീവിതം. തിരുമേനി എം.വി.ജോർജ് (ജോർജുകുട്ടി) ആയിരിക്കുമ്പോൾ മുതലാരംഭിച്ചതാണ് ആതുരസേവനം. അത് ജീവിതാവസാനം വരെ തുടർന്നു. അവസാനമായി അദ്ദേഹം കോട്ടയത്ത് ആരംഭിച്ച സെന്റ് പോൾസ് ബാലഗ്രാമിന്റെ ഉദ്ഘാടനത്തിന് ആശുപത്രി കിടക്കയിൽനിന്നാണ് തിരുമേനി എത്തിച്ചേർന്നത്. അവിടെയും അദ്ദേഹം സദസ്സിന്റെ മനം കവർന്നു. തിരുമേനി ആരംഭിച്ച ആതുരസേവനം അദ്ദേഹത്തിന്റെ പിൻഗാമികൾ പിന്തുടരുന്നു. ആശ്രമങ്ങളും കോൺവെന്റുകളും മിഷൻ സെന്ററുകളും നാൽപതിലധികം ആതുരസേവന സ്ഥാപനങ്ങളും സ്ത്രീകൾക്കും പുരുഷന്മാർക്കുമായി അനാഥാലയങ്ങളും അദ്ദേഹം സ്ഥാപിച്ചു. കുഷ്ഠരോഗികളെ സംരക്ഷിക്കുകയും കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികളെ വളർത്തുകയും എയ്ഡ്സ് രോഗികളെ ശുശ്രൂഷിക്കുകയും ഹൃദ്രോഹികളെ കരുതുകയും ചെയ്തു അദ്ദേഹം. അതിനുവേണ്ടി അദ്ദേഹം സ്ഥാപനങ്ങൾ പണിതുയർത്തി. ഒസ്താത്തിയോസ് തിരുമേനിയുടെ ഒരു പദ്ധതിക്കും പണമില്ലാതെ വന്നിട്ടില്ല. സ്വദേശത്തും വിദേശത്തുമുള്ള അനേകായിരങ്ങൾ അദ്ദേഹത്തെ കയ്യയച്ചു സഹായിച്ചു.

എന്നും പാവങ്ങൾക്കുവേണ്ടി നിലനിന്ന തിരുമേനിക്ക് മോക്ഷവും പരമാനന്ദവും സർവ്വേശ്വരൻ പ്രദാനം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഫാ.ഡോ.എം.ഒ.ജോൺ**

# പ.വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ അതിശ്രേഷ്ഠനായ പിതാവ് : പ.കാതോലിക്കാ ബാവാ

കോട്ടയം : മലങ്കരസഭ കണ്ടിട്ടുള്ള അതിശ്രേഷ്ഠന്മാരായ പിതാക്കന്മാരുടെ മുൻനിരയിൽ നിൽക്കുന്ന ആളാണ് പ.വട്ടശ്ശേരിൽ തിരുമേനി എന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. ഉന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന വട്ടശ്ശേരിൽ തിരുമേനി നിർമ്മല ഹൃദയനായിരുന്നുവെന്ന് പ.കാതോലിക്കാ ബാവാ അനുസ്മരിച്ചു. മലങ്കരസഭയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി ജീവൻപോലും പണയംവെച്ച് വട്ടശ്ശേരിൽ തിരുമേനി പോരാടി. അദ്ദേഹം ഇല്ലായിരുന്നുവെങ്കിൽ സ്വതന്ത്രമായ ഒരു മലങ്കരസഭ ഇവിടെ ഉണ്ടാകുമായിരുന്നില്ലെന്നും പ.ബാവാ പറഞ്ഞു. പഴയസെമിനാരിയിൽ പ.വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു നടന്ന വി. മൂന്നിന്മേൽ കുർബ്ബാനയിൽ പ്രധാന കാർമ്മികത്വം വഹിച്ച് അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു പ.കാതോലിക്കാ ബാവാ. വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് മെത്രാപ്പോലീത്തന്മാരായ ഡോ.യാക്കോബ് മാർ ഐറേനിയോസ്, ഡോ.സഖറിയാസ് മാർ തെയോഫിലോസ് എന്നിവർ സഹകാർമ്മികരായിരുന്നു. പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായും സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരും സന്നിഹിതരായിരുന്നു. പെരുന്നാളിനോടനുബന്ധിച്ച് വിവിധ പ്രദേശങ്ങളിൽനിന്ന് എത്തിച്ചേർന്ന തീർത്ഥാടകസംഘങ്ങൾക്ക് ഹാർദ്ദവമായ സ്വീകരണം നൽകി. കോട്ടയം ചെറിയപള്ളിയിൽനിന്നുള്ള റാസ, അനുസ്മരണ പ്രഭാഷണം തുടങ്ങി വിവിധ പരിപാടികളോടെ പെരുന്നാൾ സമാപിച്ചു.

# കോനാട്ട് അച്ചനോ എം.ഒ.ജോണച്ചനോ

ഫാ.ഇടിക്കുള ഡാനിയേൽ, ചന്ദനപ്പള്ളി

കോനാട്ടച്ചനോ എം.ഒ.ജോണച്ചനോ എന്ന പേരിൽ കഴിഞ്ഞലക്കം മലങ്കരസഭാദീപത്തിൽ കെ.ജോൺ മാത്യൂസ് എഴുതിയ ലേഖനം ശ്രദ്ധേയമായിരുന്നു. വൈദികട്രസ്റ്റി സ്ഥാനത്തേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽനിന്ന് ബഹു.കോനാട്ട് അച്ചൻ സ്വയം പിന്മാറണം. അദ്ദേഹത്തോട് ബഹുമാനവും ആദരവും ഉണ്ട്. അതേപോലെ എം.ഒ.ജോണച്ചനോടും സ്നേഹാദരവുകളുണ്ട്. കോനാട്ട് അച്ചൻ ഒരുതവണ ട്രസ്റ്റിയായി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരുതവണ ട്രസ്റ്റിയായ ബഹു.ഒ.തോമസ് അച്ചനെ മാറ്റി ജനം കോനാട്ട് അച്ചനെ തെരഞ്ഞെടുത്തു. ഒരുപ്രാവശ്യത്തേക്ക് തെരഞ്ഞെടുക്കണമെന്ന് കോനാട്ട് അച്ചൻ ആവശ്യപ്പെടുകയും ജനങ്ങൾ ആ ധാരണയിൽ വോട്ടുചെയ്ത് വിജയിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചു വർഷം കേസു നടത്തിയതും ഭരണം നടത്തിയതും തീരുമാനങ്ങൾ എടുത്തതും കോനാട്ട് അച്ചൻ തനിച്ചല്ല. പ.കാതോലിക്കാ ബാവായും സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും വർക്കിംഗ് കമ്മിറ്റിയും സഭാസ്ഥാനികളും എല്ലാം ചേർന്നാണ് ഭരണം നടത്തുന്നതും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയതും. അതുകൊണ്ട് കോനാട്ട് അച്ചൻ ട്രസ്റ്റിസ്ഥാനത്തുനിന്ന് മാറിയതുകൊണ്ട് പ്രത്യേകിച്ച് ഒന്നും സംഭവിക്കില്ല. കഴിഞ്ഞ പത്തുനാൽപതു വർഷമായി തുടരുന്ന കേസുകൾ ഇങ്ങനെതന്നെ നടക്കും. കോനാട്ട് അച്ചൻ വാക്കുപാലിച്ച് മത്സരത്തിൽനിന്ന് പിന്മാറി പുതിയ ആളിന് അവസരം കൊടുക്കുകയാണ് ഇപ്പോൾ വേണ്ടത്. ഒരാൾ തന്നെ സ്ഥിരം തുടരുന്നത് നല്ലതല്ല. സഭയെ വടക്കുതെക്ക് എന്ന് തരംതിരിക്കരുത്. വടക്കൻ ഭദ്രാസനങ്ങൾ സഭാകേസുകളിൽ പ്രശ്നബാധിതമേഖലയാണ്. എന്നാൽ ഒരു കോലഞ്ചേരി പള്ളിയോ ഒരു പുത്തൻകുരിശ് പള്ളിയോ മാത്രമല്ല മലങ്കരസഭ. ആയിരത്തഞ്ഞൂറിലധികം പള്ളികളുണ്ട്. അവയെ എല്ലാം ഒന്നായി കാണണം. സഭയുടെ സമഗ്രപുരോഗതിയായിരിക്കണം എല്ലാവരുടെയും ലക്ഷ്യം. പ്രശ്നമുള്ള പ്രദേശത്തുനിന്ന് മാത്രമല്ല ഭരണകർത്താക്കൾ ഉണ്ടാകേണ്ടത്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട കോലഞ്ചേരി പള്ളിയിൽ ഇത്രയും പ്രശ്നങ്ങൾ ഉണ്ടായിട്ട് അവിടെനിന്നുള്ള മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്തുകൊണ്ട് കോലഞ്ചേരി പള്ളി വികാരി ഫാ.ജേക്കബ് കുര്യനെ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തില്ല.

കോനാട്ടച്ചൻ പ്രഗത്ഭനാണെങ്കിൽ എന്തുകൊണ്ട് കോലഞ്ചേരി പള്ളി വികാരിയായോ തൃക്കുന്നത്ത് സെമിനാരി വികാരിയായോ അച്ചൻ ചുമതല ഏൽക്കുന്നില്ല. വേറെ ഏതെങ്കിലും ഒരു അച്ചനെ പാമ്പാക്കുട പള്ളിവികാരിയായി നിയമിക്കുവാൻ സാധിക്കുമോ. ഈ നിലപാടുകളും അഭിപ്രായങ്ങളുമൊക്കെ അവസരവാദപരവും സ്വാർത്ഥവും ആണെന്നല്ലേ ഇതിന്റെ എല്ലാം അർത്ഥം.

കോനാട്ടച്ചൻ മാറിയതുകൊണ്ട് മലങ്കരസഭയ്ക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ആളുകൾ മാറിമാറി വരേണ്ടത് സഭയുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് ആവശ്യമാണ്. വടക്കൻവികാരം ഇളക്കിവിട്ട് സഭയെ പ്രതിസന്ധിയിലാക്കരുത്. കോലഞ്ചേരി പ്രശ്നമുണ്ടായപ്പോൾ പത്തനംതിട്ടയിലും തിരുവല്ലായിലും നടന്ന പ്രതിഷേധ സമ്മേളനങ്ങളിൽ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയും പ്രസംഗിക്കുകയും ചെയ്ത ആളാണ് എം.ഒ.ജോണച്ചൻ. അച്ചന്റെ കഴിവുകൾ സഭയ്ക്ക് പ്രയോജനകരമാകണം. എം.ഒ.ജോണച്ചൻ വൈദികട്രസ്റ്റി ആകണമെന്നാണ് മലങ്കരസഭയിലെ ഇപ്പോഴത്തെ പൊതുവികാരം എന്ന് സഭാകാര്യങ്ങളെക്കുറിച്ച് അല്പം താൽപര്യമുള്ള എല്ലാവരും ഒരേ സ്വരത്തിൽ പറയുന്നുണ്ട്. എം.ഒ.ജോണച്ചൻ ജയിച്ചുവരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# കോനാട്ടച്ചൻ തുടരണമെന്നുള്ളത് വടക്കുള്ളവരുടെ ആഗ്രഹമായി ആരും കരുതരുത്

സാജു ഏബ്രഹാം കോലഞ്ചേരി

കോനാട്ടച്ചൻ വൈദികട്രസ്റ്റി സ്ഥാനത്തു തുടരണമെന്നുള്ളതാണ് വടക്കുള്ള ഓർത്തഡോക്സുകാരുടെ ആവശ്യം എന്ന് തെക്കുള്ളവരാരും തെറ്റിദ്ധരിക്കരുത്. നമ്മെ സംബന്ധിച്ചിടത്തോളം പള്ളികൾ പൂട്ടാൻ പാടില്ല എന്നതാണ് ഏറ്റവും പ്രധാന ആവശ്യം. കുർബ്ബാന സ്ഥിരമായി നടന്നുകൊണ്ടിരുന്ന കോലഞ്ചേരിപള്ളി പൂട്ടയതിൽ വളരെ വിഷമമുണ്ട്. അതുപോലെ പുത്തൻകുരിശിൽ ഇപ്പോൾ ബാവാകക്ഷിക്കാരുടെ വിജയമാണുണ്ടായിരിക്കുന്നത്. തെക്കുള്ളവരുടെ കയ്യിൽ മാത്രം അധികാരം ഇരിക്കുന്നതിനോടും ഇവിടെ യോജിപ്പില്ല. എല്ലാവർക്കും അവസരം കിട്ടണം. പക്ഷെ കുടുംബവാഴ്ച വേണ്ട. കോനാട്ടച്ചന്റെ പിതാവും, ഗ്രാന്റ് ഫാദറും വൈദികട്രസ്റ്റിമാരായിരുന്നു. പാമ്പാക്കുടക്കാരൻ തന്നെയായ ഫാ.എം.പി. ജോർജ് മല്പാനെ വൈദികട്രസ്റ്റിയാക്കാൻ കോനാട്ടച്ചൻ എന്നെങ്കിലും സമ്മതിക്കുമോ? കണ്ടനാട് വെസ്റ്റിലെ ഒ.പി.വർഗീസ് അച്ചനും, ഡോ.റ്റി.പി.ഏലിയാസ് അച്ചനും, കോലഞ്ചേരിയിലെ കുറിയാക്കോസ് അച്ചനും ഒക്കെ വൈദികട്രസ്റ്റിമാരാകുന്നത് നല്ലതല്ലേ.

ഇപ്പോൾ നടക്കുന്നത് കുടുംബവാഴ്ചയാണ്. അതനുവദിക്കരുത്. കോനാട്ടച്ചൻ ഇപ്പോൾ ട്രസ്റ്റിയായാൽ അടുത്ത തവണയും മത്സരിക്കും. അങ്ങനെ അതങ്ങു സ്ഥിരമാകും. അതിനോടെല്ലാവർക്കും എതിർപ്പാണ്.

# വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ.ഡോ.എം.ഒ. ജോൺ തെരഞ്ഞെടുക്കപ്പെടണം

ജേക്കബ് കുരുവിള വട്ടക്കുന്നേൽ

**കോട്ടയം സെൻട്രൽ ഭദ്രാസനത്തിൽനിന്നും മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജേക്കബ് കുരുവിള വട്ടക്കുന്നേൽ (ജെക്കോച്ചൻ). നിയമബിരുദധാരിയും കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകാംഗവുമാണ്.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദികട്രസ്റ്റിസ്ഥാനത്തേക്കുള്ള എം.ഒ.ജോണച്ചന്റെ സ്ഥാനാർത്ഥിത്വം വളരെ സന്തോഷത്തോടെയാണ് സഭാമക്കൾ കാണുന്നത്. ആയുഷ്ക്കാല പദവിയായിരുന്ന വൈദിക-അത്മായട്രസ്റ്റിസ്ഥാനങ്ങൾ സഭാസ്നേഹികളുടെ ദീർഘകാലത്തെ പരാതികളുടെയും പരിശ്രമത്തിന്റെയും ഫലമായാണ് അഞ്ചുവർഷ കാലാവധിയാക്കുകയും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പിനു വിധേയമാക്കുകയും ചെയ്തത്. മലങ്കരസഭയിൽ വൈദികട്രസ്റ്റി പദവിക്ക് അർഹരായ അനേകം വൈദികർ ഉണ്ട് എന്നത് സഭയ്ക്ക് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. എന്നാൽ യോഗ്യരായ എല്ലാവർക്കും ആ അവസരം ലഭിക്കുകയില്ല. അഞ്ചുവർഷം കൂടുമ്പോൾ ലഭ്യമാകുന്ന ഒരു അവസരമായതുകൊണ്ടും സാധാരണയായി 45-ഉം 60-ഉം വയസ്സിനിടയിൽ പ്രായമുള്ളവരെ സഭ താൽപര്യപ്പെടുന്നതിനാലും പലരുടെയും അവസരങ്ങൾ വീണ്ടും നഷ്ടപ്പെടുന്നു. അതിനാലാണ് ഒ.തോമസ് അച്ചനെപ്പോലെ ഒരാൾക്കുപോലും രണ്ടാമതൊരു അവസരം ലഭിക്കാതിരുന്നത്.

സഭയും സമൂഹവും എല്ലാം ഇന്ന് പുതുമുഖങ്ങൾക്ക് അവസരം ലഭിക്കണം എന്നാഗ്രഹിക്കുന്നവരാണ്. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നടക്കുന്ന സഭാമാനേജിംഗ് കമ്മിറ്റി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ നിലവിലുള്ള അനേകം അംഗങ്ങൾ വീണ്ടും തെരഞ്ഞെടുക്കപ്പെടാതിരുന്നത് ഈ സ്ഥാനിവിരുദ്ധ വികാരം കാരണമാണ്. അർഹരായവർക്ക് അവസരം നിഷേധിക്കപ്പെടരുത്. സ്ഥാനമാനങ്ങൾ മോഹിക്കാതെ പദവികളിൽനിന്നും അകന്നുമാറിനിന്ന അനേകം സീനിയർ വൈദികർ ഇത്തവണ വിവിധ ഭദ്രാസനങ്ങളിൽനിന്നും മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടത് ഇനിനു ദൃഷ്ടാന്തങ്ങളാണ്.

ഈ സാഹചര്യത്തിലാണ് സഭാമക്കൾ എം.ഒ.ജോണച്ചന്റെ സ്ഥാനാർത്ഥിത്വത്തെ ശുഭപ്രതീക്ഷയോടും സന്തോഷത്തോടും കൂടെ കാണുന്നത്. ശക്തമായ ഓർത്തഡോക്സ് കേന്ദ്രമായ തുമ്പമൺ ഭദ്രാസനത്തിന്റെ ആസ്ഥാന ദേവാലയമായ അതിപുരാതനമായ തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമെന്ന പദവി തന്നെ അച്ചന്റെ സഭാസ്നേഹവും ഓർത്തഡോക്സ് പൈതൃകവും വിളിച്ചറിയിക്കുന്നതാണ്. സഭാചരിത്രപഠനത്തിൽ വിയന്നാ യൂണിവേഴ്സിറ്റിയിൽനിന്നും അച്ചൻ കരസ്ഥമാക്കിയ ഡോക്ടേറ്റും ചരിത്ര പാണ്ഡിത്യവും സഭാസ്വാതന്ത്ര്യത്തിനും കാതോലിക്കേറ്റിനുമെതിരെയുമുള്ള ഏത് ആക്രമണത്തിന്റെയും മുനയൊടിപ്പിക്കുവാൻ പര്യാപ്തമാണ്. അച്ചൻ വൈദികസെമിനാരി അദ്ധ്യാപകനെന്ന നിലയിൽ കൈക്കൊണ്ടിട്ടുള്ള ദീർഘവീക്ഷണത്തോടും മനസാന്നിദ്ധ്യത്തോടുമുള്ള തീരുമാനങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ പ്രശംസനീയങ്ങളാണ്. ഇപ്പോൾ സഭാമാനേജിംഗ് കമ്മിറ്റി അംഗമായ ഫാ.ഡോ.എം.ഒ.ജോൺ സഭയുടെ അതിപ്രധാന കമ്മിറ്റിയായ റൂൾസ് കമ്മിറ്റി ഉൾപ്പെടെയുള്ള പല കമ്മിറ്റികളിലും അംഗമായി പ്രവർത്തിക്കുന്നു.

വൈദികട്രസ്റ്റി പദവി സംബന്ധിച്ച് സഭാമക്കൾക്കിടയിൽ ഈ പ്രാവശ്യമുള്ള അഭിപ്രായം ഒരവസരം ലഭിച്ചയാൾ മാറട്ടെ. മറ്റൊരാൾക്ക് അവസരം ലഭിക്കട്ടെ എന്നാണ്. അതിനാൽ എം.ഒ.ജോണച്ചന്റെ സ്ഥാനാർത്ഥിത്വത്തെ സഭാമക്കൾ സഹർഷം സ്വാഗതം ചെയ്യുന്നു. അദ്ദേഹത്തെ നമുക്കു വിജയിപ്പിക്കാം.

കൂട്ടുട്രസ്റ്റിമാർ മലങ്കര മെത്രാപ്പോലീത്തായ്ക്കും സുന്നഹദോസിനും എന്നും കൈത്താങ്ങായിരിക്കണം. പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനി സഭാസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയപ്പോൾ കൂട്ടുട്രസ്റ്റിമാരായിരുന്ന കോനാട്ട് മാത്തൻ മല്പാനും സി.ജെ.കുര്യനും അന്ത്യോഖ്യൻ പക്ഷത്തിനുവേണ്ടി വിഘടിച്ചു നിന്നതാണ് മലങ്കരസഭാംഗങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിച്ചതെന്ന് നാം ഓർക്കണം.

1934-ലെ ഭരണഘടനയുടെ സാങ്കേതിക പരിരക്ഷയുടെ ബലത്തിൽ ഇടവക ഭരണം നടത്തുകയും മാധ്യമങ്ങളിലൂടെ വെല്ലുവിളി 1934-ലെ ഭരണഘനട സ്വീകരിക്കാത്തവർക്കെതിരെ നടത്തുകയും ചെയ്യുന്ന പരസ്പര വിരുദ്ധമായ പ്രവർത്തനശൈലി സഭയുടെ ഭാവിക്ക് അപകടകരമാണ്.

# ആര് വൈദികട്രസ്റ്റിയായാലും തൃക്കുന്നത്ത് സെമിനാരിയിൽ ഒന്നും സംഭവിക്കാനില്ല


റെഞ്ചു പി.തോമസ് ആലുവ


കോനാട്ടച്ചൻ വൈദികട്രസ്റ്റി ആയില്ലെങ്കിൽ തൃക്കുന്നത്ത് സെമിനാരി നഷ്ടപ്പെടുമെന്ന് കാണിച്ചുള്ള ഒരു എസ്.എം.എസ്. ആരോ തൽപരകക്ഷികൾ പ്രചരിപ്പിക്കുന്നുണ്ട്. അത് പച്ചകള്ളമാണ്. കോനാട്ടച്ചനോ എം.ഒ.ജോണച്ചനോ ട്രസ്റ്റി ആയാലും ഇല്ലെങ്കിലും തൃക്കുന്നത്ത് സെമിനാരിയിൽ പ്രത്യേകിച്ച് ഒന്നും സംഭവിക്കുകയില്ല. കഴിഞ്ഞ നാൽപത് വർഷമായി മലങ്കരസഭയിൽ നിലനിൽക്കുന്ന ഒരു വിഷയമാണ് ആലുവാ തൃക്കുന്നത്ത് സെമിനാരി പ്രശ്നം. തൃക്കുന്നത്ത് സെമിനാരിയിൽ എല്ലാ വർഷവും പെരുന്നാളുണ്ട്. പെരുന്നാളിനോടനുബന്ധിച്ച് പ്രശ്നങ്ങളുമുണ്ട്. കോനാട്ടച്ചൻ വടക്കനാണല്ലോ. അദ്ദേഹം വൈദികട്രസ്റ്റി ആകുന്നതിനു മുമ്പ് ഒറ്റ പെരുന്നാളിനുപോലും തൃക്കുന്നത്ത് സെമിനാരിയിൽ വന്ന് ഞങ്ങൾ കണ്ടിട്ടില്ല. അദ്ദേഹം വൈദികട്രസ്റ്റി ആയതിനുശേഷം പാത്രിയർക്കീസ് വിഭാഗക്കാർ കൂടുതൽ ശക്തമായി തൃക്കുന്നത്ത് സെമിനാരിയിൽ കയറാൻ തുടങ്ങി എന്നതാണ് പരമാർത്ഥം. കോനാട്ടച്ചൻ വൈദികട്രസ്റ്റി ആയതുകൊണ്ട് തൃക്കുന്നത്ത് സെമിനാരിക്കോ വടക്കൻ ഭദ്രാസനങ്ങളിലെ മറ്റേതെങ്കിലും പള്ളികൾക്കോ എന്തെങ്കിലും പ്രത്യേക നേട്ടമുണ്ടായി എന്ന് ആരും കരുതുന്നില്ല. ഇപ്പോഴിതാ സ്ഥിരം കുർബ്ബാന നടന്നുകൊണ്ടിരുന്ന കോലഞ്ചേരി പള്ളിയും പൂട്ടി. പൂട്ടിക്കിടന്ന ഒരു പള്ളിപോലും ഇക്കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിനിടയിൽ തുറക്കാൻ കഴിഞ്ഞിട്ടില്ല. പുത്തൻകുരിശിലും കണ്ടനാട്ടും കോതമംഗലത്തും കണ്യാട്ടുനിരപ്പും മണ്ണത്തൂരിലും മാമ്മലശ്ശേരിയിലും എല്ലാം നമ്മൾ തോൽക്കുന്നു. എസ്.എം.എസ് കണ്ട് വോട്ടു ചെയ്യാൻ തക്ക വിഡ്ഢികളാണ് അസോസിയേഷന് അംഗങ്ങൾ എന്നു കരുതുന്നവരാണ് യഥാർത്ഥ വിഡ്ഢികൾ.


വാസ്തവത്തിൽ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ പാത്രിയർക്കീസ് കക്ഷിക്കാർ കയറാതെ 36 വർഷം കാത്തുസൂക്ഷിച്ചത് ബഹു.മണ്ണാറപ്രായിൽ അച്ചനാണ്. തൃക്കുന്നത്ത് സെമിനാരി സംരക്ഷണമാണ് വൈദികട്രസ്റ്റിയുടെ ചുമതലയെങ്കിൽ മണ്ണാറപ്രായിലച്ചനെയാണ് വൈദികട്രസ്റ്റിയാക്കേണ്ടത്.

# 2012–2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

**തുമ്പമൺ ഭദ്രാസനം, പ്രക്കാനം സെന്റ് മേരീസ് വലിയപള്ളി**


ഒ.ജോസ്



എൻ.ജോയി


സജി മാത്യു



വി.രാജു


തോമസ് ജോൺ കെ.

**തുമ്പമൺ ഭദ്രാസനം, കോഴഞ്ചേരി സെന്റ് മാത്യൂസ്**


ഷിബു ഫിലിപ്പ്

**നിരണം ഭദ്രാസനം, മാന്നാർ മർത്തമറിയം**



റ്റി.പി.ജോൺ


തോമസ് ജോൺ



പി.സി.തോമസ്

**കൊല്ലം ഭദ്രാസനം, കൈതക്കോട് സെന്റ് ജോർജ്ജ്**


ഷിജു സി.ഐ.


സിജു ഫിലിപ്പ്

**ഡൽഹി ഭദ്രാസനം, ബിവാഡി മാർ ഗ്രിഗോറിയോസ്**


സജി മാത്യു

**ബോംബെ ഭദ്രാസനം, പൂന സെന്റ് മേരീസ്**


റ്റി.എം.ജോർജ്ജ്


എൻ.റ്റി.തോമസ്


ചാക്കോ വർഗീസ്


ബെന്നി പോൾ

**ബ്രഹ്മവാർ ഭദ്രാസനം, നരസിംഹരാജപുരം സെന്റ് മേരീസ്**


രാജേഷ് എ.പി.

**മലബാർ ഭദ്രാസനം, കടമ്പഴിപ്പുറം സെന്റ് ഗ്രിഗോറിയോസ്**


സാബുമോൻ പി.പി.

**കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, ചെമ്മന്തൂർ സെന്റ് ജോൺസ്**


കെ.പി.യോഹന്നാൻ


സന്തോഷ് കെ.തോമസ്

**തുമ്പമൺ ഭദ്രാസനം, ളാക്കൂർ സെന്റ് മേരീസ്**



സി.എസ്.വർഗീസ്


വി.സി.ജോർജ്ജ്

**നിലയ്ക്കൽ ഭദ്രാസനം, റാന്നി പൂവന്മല സെന്റ് ജോർജ്ജ്**


അലക്സ് പുത്തേത്ത്

**ബോംബെ ഭദ്രാസനം, ദാദർ സെന്റ് മേരീസ് കത്തീഡ്രൽ**


ജോയി കെ.ജി. വർഗീസ്


2012–2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം – 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

## കൊല്ലം ഭദ്രാസനം, പോരുവഴി മാർ ബസേലിയോസ് മാർ ഗ്രിഗോറിയോസ്



റോയി


തോമസ് കെ.



തോംസൺ ഡി.


ജോർജ് ചാക്കോ


എ.സി.അലക്സാണ്ടർ മുതലാളി


ബിജു സാമുവൽ

## ഡൽഹി ഭദ്രാസനം, ഷാർജ സെന്റ് ഗ്രിഗോറിയോസ്


രാജു തോമസ്


സജി മീൻകുളം


സാജു പടിയറ


സീലാസ് കെ.ഇ.


ഷാജി തോമസ്


തോമസ് തരകൻ

## ഡൽഹി ഭദ്രാസനം, ഷാർജ സെന്റ് ഗ്രിഗോറിയോസ്


അലക്സാണ്ടർ


ബിജു പോത്തൻ


ഗീവർഗീസ് ജോർജ്


ജോർജ്ജുകുട്ടി ജോൺ


## അഹമ്മദബാദ് ഭദ്രാസനം, ഇൻഡോർ സെന്റ് മേരീസ്


പി.വർഗീസ്


കെ.ജെ.ജോൺ

## തിരുവനന്തപുരം ഭദ്രാസനം, നാലാഞ്ചിറ സെന്റ് മേരീസ്



ബെന്നി വർഗീസ്


ബേബി കെ.ജോർജ്


ലിജു മാത്യു

## അടൂർ - കടമ്പനാട് ഭദ്രാസനം, ആനന്ദപ്പള്ളി സെന്റ് കുറിയാക്കോസ്


ശാമുവൽ എം.


വർഗീസ് ഡാനിയേൽ


സ്ക്കറിയാ തങ്കച്ചൻ

2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# വൈദികട്രസ്റ്റി സ്ഥാനം ആലങ്കാരികമോ?

അഡ്വ.ഫാ.ഒ.തോമസ് പണിക്കർ മാറനാട്

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഈ മാർച്ച് 7ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അങ്കണത്തിൽ കൂടുന്ന മലങ്കര അസോസിയേഷൻ ഏതുവിധേനയും പ്രത്യേകത നിറഞ്ഞതും പ്രധാനപ്പെട്ടതുമാണ്. സഭയിൽ സ്ത്രീകൾക്ക് പള്ളിപൊതുയോഗങ്ങളിലും കമ്മിറ്റികളിലും പുരുഷന്മാർക്ക് തുല്യമായ അവകാശാധികാരങ്ങൾ ലഭിച്ചതിനുശേഷമുള്ള മലങ്കര അസോസിയേഷൻ എന്ന നിലയിലും ഇതിന്റെ പ്രാധാന്യം വർദ്ധിക്കുന്നു.

സഭയെ സംബന്ധിച്ചിടത്തോളം വൈദികട്രസ്റ്റി സ്ഥാനം ഒരു ആലങ്കാരിക സ്ഥാനമല്ല. മറിച്ച് അത് വലിയ ഒരു ഉത്തരവാദിത്വത്തിന്റെ അടയാളമാണ്. സ്റ്റേജുകളിൽ വലിയ വൃത്താകാരത്തിലുള്ള ബാഡ്ജ് ധരിച്ച് സഭാമേലദ്ധ്യക്ഷന്മാരുടെ നിരയിലോ പുറകിലോ ഇരിക്കുവാനുള്ളത് മാത്രമല്ല മറിച്ച് പ.കാതോലിക്കാ ബാവായേയും മലങ്കര മെത്രാപ്പോലീത്തായെയും എല്ലാ കാര്യങ്ങളിലും കരങ്ങൾക്ക് ശക്തിപകരുവാനും തീരുമാനം എടുക്കേണ്ട കാര്യങ്ങളുടെ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് സഭയുടെയും സഭാമക്കളുടെയും അഭിവൃദ്ധിക്ക് നിദാനമാകുന്ന തരത്തിൽ വ്യക്തതയോടുകൂടി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പ്രേരിപ്പിക്കുവാനുള്ള ഉത്തരവാദിത്വമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അത് ഉണ്ടാകണമെങ്കിൽ ക്രിയാത്മകവും വിമർശനപരവുമായി ചിന്തിക്കുവാനുള്ള കഴിവും തീരുമാനങ്ങൾ എടുക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള കഴിവ്, സമ്മർദ്ദതന്ത്രങ്ങളെ അതിജീവിക്കുവാനുള്ള കഴിവ് എന്നിവ വിദ്യാഭ്യാസം ഉണ്ടെങ്കിലും എല്ലാവർക്കും ഉണ്ടാകണമെന്നില്ല.

മുൻപ് ഈ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന എല്ലാ വന്ദ്യ വൈദികരും അവരുടെ കഴിവും സാമർത്ഥ്യവും ഒരളവുവരെ പ്രകടിപ്പിച്ചിട്ടുള്ളവരുമാണ്. എന്നാൽ ഈ സ്ഥാനത്തിരിക്കുന്ന ചിലർ എങ്കിലും എനിക്കു പിറകിൽ പ്രളയം എന്ന ചിന്തവെച്ചപുലർത്തുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നത് സഭയെ വളർത്തുകയല്ല തളർത്തുകയാണ് എന്ന് ഓർക്കുന്നത് നല്ലതാണ്.

എന്റെ പരിമിതമായ അറിവിൽ ഈ മഹത് സ്ഥാനത്തേക്ക് രണ്ട് മഹാരഥന്മാർ മാത്രമാണ് നില്പുള്ളത്. ഇപ്പോഴത്തെ വൈദികട്രസ്റ്റി വന്ദ്യനായ ജോൺസ് ഏബ്രഹാം കോനാട്ട് അച്ചനും വന്ദ്യനായ ഡോ.എം.ഒ.ജോണച്ചനുമാണ്. ഇവർ തമ്മിലുള്ള ഒരു താരതമ്യ പഠനത്തിന് ഈ അവസരത്തിൽ മുതിരുന്നില്ല. എന്നാൽ സഭാമക്കളും അസോസിയേഷൻ പ്രതിനിധികളും വൈദികരുമായി സംസാരിച്ചതിൽ 75 ശതമാനത്തിൽ അധികം ആളുകളും പുതിയ വ്യക്തികൾ സഭയെ നയിക്കുവാൻ കടന്നുവരണം എന്നുള്ള അഭിപ്രായമാണ്. ആ നിലയിൽ ചിന്തിക്കുമ്പോൾ വന്ദ്യ ജോൺസ് ഏബ്രഹാം അച്ചൻ മാതൃക കാണിച്ചുകൊണ്ട് സ്വയം മാറിനിന്നാൽ സഭയിൽ അദ്ദേഹത്തിന്റെ യശസ്സ് ഉയരുവാൻ കൂടുതൽ സഹായിക്കും.

സഭയിൽ പ്രഗത്ഭനും പ്രശസ്തനുമായ ഡോ.എം.ഒ.ജോണച്ചന് ഒരു അവസരം കൊടുക്കുന്നത് ഉത്തമമാണ് എന്നുതന്നെയാണ് പൊതുവെയുള്ളത്. ജനങ്ങളുടെ വികാരവും അഭിപ്രായവും സമന്വയിപ്പിച്ച് ഒരുവാക്കോടുകൂടി നിർത്തട്ടെ. Rev.Fr.Dr.M.O.John is a man of person-

(ശേഷം പേജ് 7-ൽ)

## ശ്രദ്ധയർഹിക്കുന്ന ചില വാചകങ്ങൾ

ഒരു പ്രാവശ്യം നിന്നവർ വീണ്ടും നിൽക്കരുത്; പുതിയ ആളുകൾക്ക് അവസരം കൊടുക്കണം : **ഗീർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ**

അധികാരം ഒരു പ്രത്യേക ലഹരി സൃഷ്ടിക്കുന്നു. ആസ്വദിക്കുന്ന ആരും അത് ഒഴിഞ്ഞുകൊടുക്കില്ല : **ഗീവർഗീസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

വൈദികട്രസ്റ്റിസ്ഥാനം നിലവിൽ വന്നതുമുതൽ ഇതുവരെയും തെരഞ്ഞെടുക്കപ്പെടുന്ന ആൾ ആജീവനാന്തം തൽസ്ഥാനത്ത് തുടരുക എന്ന പതിവ്.........ആയിരുന്നല്ലോ. ഒരാൾ ദീർഘകാലം ഈ സ്ഥാനത്ത് തുടരുന്നതിനേക്കാൾ സഭാസേവനത്തിന് കഴിവും സന്നദ്ധതയുമുള്ള പുതുമുഖങ്ങൾ വരണമെന്ന് മലങ്കരസഭാമക്കൾ ആഗ്രഹിക്കുന്നു : **2007-ൽ കോനാട്ട് ജോൺസ് ഏബ്രഹാം അച്ചനുവേണ്ടി പ്രസിദ്ധീകരിച്ച അഭ്യർത്ഥനയിൽനിന്നും**

അത്മായ-വൈദികട്രസ്റ്റിമാരുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിരിക്കുകയാണല്ലോ. സഭയുടെ കെട്ടുപണിക്ക് ആവശ്യമായ ക്രിയാത്മക നവീന ആശയങ്ങൾ ലഭ്യമാകുന്നതിന് ഉന്നത സമിതികളിൽ അംഗങ്ങൾ മാറി വരണമെന്ന ഏവരുടേയും ആഗ്രഹമാണല്ലോ ഇതിന്റെ പിന്നിലുള്ളത് : **2007-ൽ ജോൺസ് ഏബ്രഹാം അച്ചന്റെ അഭ്യർത്ഥനയിൽനിന്ന്**

**വൈദിക-അത്മായട്രസ്റ്റിമാർ നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ പ.കാതോലിക്കാ ബാവാ മുമ്പാകെ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിൽനിന്ന്** :

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രസ്ത്യാനി അസോസിയേഷൻ പ്രസിഡന്റുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുമ്പാകെ.......

പ്രസ്തുത (വൈദികട്രസ്റ്റി/അത്മായട്രസ്റ്റി) സ്ഥാനത്തേക്ക് ഞാൻ തെരഞ്ഞെടുക്കപ്പെട്ടാൽ വൈദികട്രസ്റ്റി/അത്മായട്രസ്റ്റി എന്ന നിലയിലുള്ള എന്റെ കാലാവധി നിലവിലുള്ള അസോസിയേഷൻ അംഗങ്ങളുടെ കാലാവധിക്കു തുല്യമായിരിക്കുമെന്നുള്ള പൊതുധാരണയുടെ അടിസ്ഥാനത്തിൽ ആ കാലാവധി തീരുന്ന മുറയ്ക്ക് എന്റെ സ്ഥാനവും സ്വാഭാവികമായി അവസാനിക്കുമെന്ന് ഞാൻ സമ്മതിച്ചു ബോധിപ്പിച്ചുകൊള്ളുന്നു.

**സമ്പാദകൻ : സജു റ്റി.ജോ, കുണ്ടറ**

# സൗത്താഫ്രിക്കയിൽ മലങ്കരസഭയ്ക്ക് ചരിത്രനേട്ടം സമ്മാനിച്ച ഫാ.ഡോ.എം.ഒ.ജോൺ

സജീവ് സി.മാണി സൗത്താഫ്രിക്ക

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ സഹാറ മരുഭൂമിക്ക് തെക്ക് സുറിയാനിസഭയുടെ ആദ്യത്തെ ഇടവകയാണ് സൗത്താഫ്രിക്കൻ സെന്റ് തോമസ് ഇടവക. മലങ്കരസഭാ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികകല്ലായി വേണം സൗത്താഫ്രിക്കയിലെ ഇടവകയെ കാണാൻ. ഇതിനു മുമ്പ് ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ മലങ്കരസഭയ്ക്ക് മറ്റൊരു ഇടവക ഉണ്ടായിരുന്നില്ല. മലങ്കരസഭയ്ക്കെന്നല്ല സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ഒരു സഭയ്ക്കും തെക്കൻ ആഫ്രിക്കയിൽ ഇടവകകൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ സൗത്താഫ്രിക്കയിലെ മലങ്കരസഭയുടെ ഇടവകകളിൽ സൗത്താഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 150-ലധികം കുടുംബങ്ങളുണ്ട്. അവരെയെല്ലാം സംഘടിപ്പിച്ച് മലങ്കരസഭയുടെ ഒരിടവക സ്ഥാപിച്ചത് ഫാ.ഡോ.എം.ഒ.ജോണാണ്. മലങ്കരസഭയുടെ ഒരു ചരിത്രനേട്ടമാണ് സൗത്താഫ്രിക്കയിലെ മലങ്കരസഭയുടെ ഇടവക

1996-ലാണ് ആദ്യമായി മലങ്കരസഭയിലെ പുരോഹിതനായ ഫാ.ഡോ.എം.ഒ.ജോൺ സൗത്താഫ്രിക്കയിൽ വരുന്നത്. അദ്ദേഹം മലങ്കരസഭയുടെ ഇടവക സൗത്താഫ്രിക്കയിൽ സ്ഥാപിക്കുകയും അന്നുമുതൽ ഇന്നുവരെ അതിന്റെ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ഫാ.എം.ഒ.ജോണിന്റെ ദർശനവും, ദീർഘവീക്ഷണവും, ആശ്രാന്ത പരിശ്രമവും, സഭയോടുള്ള പ്രതിബദ്ധതയും കൊണ്ടു മാത്രമാണ് മലങ്കരസഭയ്ക്ക് ഇവിടെ ഇടവക ഉണ്ടാകാൻ കാരണം. അദ്ദേഹത്തിന്റെ പ്രവർത്തന വിജയത്തിന്റെ ഒരു നാഴികകല്ലാണ് ജൊഹാനസ്ബർഗിൽ ഫാ.ഡോ.എം.ഒ.ജോണിന്റെ നേതൃത്വത്തിൽതന്നെ കൂദാശ ചെയ്യപ്പെട്ട സഭാകേന്ദ്രം.

സൗത്താഫ്രിക്കയിലെ ഇടവകയുടെ ആരംഭകാലം മുതൽ ഫാ.എം.ഒ.ജോണിനോടൊപ്പം പ്രവർത്തിക്കുന്ന ഒരാൾ എന്ന നിലയിൽ മലങ്കരസഭയുടെ ഇടവക രൂപീകരണത്തിൽ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള ത്യാഗവും, അനുഭവിച്ച പ്രയാസങ്ങളും എനിക്ക് നേരിട്ട് അറിയാം.

നൈജീരിയാ, ഘാന, എത്യോപ്യ തുടങ്ങിയ പല സ്ഥലങ്ങളിലും ജോലിക്കെത്തി അവസാനം സൗത്താഫ്രിക്കയിലെത്തിയ മലയാളികളിലധികവും, പലർക്കും ദീർഘകാലമായി സഭയുമായുള്ള ബന്ധം തന്നെ ഇല്ലായിരുന്നു എന്നു പറയാം. ഇവിടെ കത്തോലിക്കാ, ആംഗ്ലിക്കൻ, മെതഡിസ്റ്റ് പള്ളികൾ ചില പെന്തക്കോസ്ത് വിഭാഗങ്ങളുടെ ആരാധനാലയങ്ങൾ ഇവിടെയൊക്കെ ആരാധനയ്ക്ക് പൊയ്ക്കൊണ്ടിരുന്നവരായിരുന്നു അവരിൽ പലരും. ചില മലയാളി പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ നേതൃത്വം നൽകിയിരുന്ന പ്രാർത്ഥനാകൂട്ടങ്ങൾ മിക്കവാറും എല്ലാ സ്ഥലത്തും ഉണ്ടായിരുന്നു. ഇങ്ങനെയൊക്കെ ആയിരുന്ന ആളുകളെ അതിൽനിന്നൊക്കെ വിടർത്തി എടുത്ത് സഭാംഗങ്ങളായി നിലനിർത്തി സഭയുടെ ഇടവക രൂപീകരിക്കുക എന്നത് എല്ലായിടത്തുനിന്നും എതിർപ്പ് വിളിച്ചുവരുത്തുന്ന പ്രവർത്തിയായിരുന്നു. അച്ചന് ഹാർദ്ദവമായ സ്വാഗതം ഇവിടെ ലഭിച്ചെങ്കിലും ശക്തമായ എതിർപ്പും ഉണ്ടായിരുന്നു.

"അച്ചാ ഞങ്ങൾക്ക് ഇവിടെ പ്രത്യേക ഇടവക വേണ്ട ഞങ്ങൾ എല്ലാം ക്രിസ്ത്യാനികൾ ആണ്. ഏതു പള്ളിയിൽ പോയാലും ദൈവത്തെ വിളിക്കാം" എന്നായിരുന്നു ചിലരുടെ പ്രതികരണം.

"അച്ചാ, നാട്ടിൽ ഞാൻ കോട്ടയത്ത് (ഇന്ന) പള്ളി ഇടവകാംഗമാണ്. ഇവിടെ ഞാനും കുടുംബവും മെതഡിസ്റ്റ് പള്ളിയിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. അതിൽനിന്നു മാറുക പ്രയാസമാണ്. നാട്ടിൽ ചെല്ലുമ്പോൾ നമ്മുടെ സഭയാകാം" എന്നും പറഞ്ഞ ചിലർ ഉണ്ടായിരുന്നു.

"ഞങ്ങൾ ഇവിടെ നാട്ടിൽനിന്ന് ഒത്തിരി ദൂരം മാറി വിദേശത്ത് താമസിക്കുന്നു. മാർത്തോമ്മാക്കാരും സി.എസ്.ഐ.ക്കാരും എല്ലാം ചേർന്ന് ഒരു പ്രാർത്ഥനാകൂട്ടം ഉണ്ട്. അച്ചൻ അത് എന്തിന് പൊളിക്കണം" എന്നായിരുന്നു വേറെ ചിലരുടെ ചോദ്യം.

"അച്ചന്മാര് റെഗുലറായിട്ട് നാട്ടിൽനിന്ന് വന്നാൽ അവർക്ക് വണ്ടിക്കൂലി കൊടുക്കേണ്ടേ. അച്ചൻ ഇവിടെ താമസിച്ചാൽ ആരു ചെലവു വഹിക്കും" എന്നായിരുന്നു മറ്റു ചിലരുടെ ആശങ്ക.

എന്നാൽ എല്ലാ പ്രവർത്തനങ്ങളോടും സഹകരിക്കാനും സാമ്പത്തിക സഹായവും ഏതു രീതിയിലുള്ള സഹായവും സഹകരണവും നൽകാനും തയ്യാറുള്ളവരും സൗത്താഫ്രിക്കയുടെ എല്ലാ സ്ഥലങ്ങളിലും ഉണ്ടായിരുന്നു. അവരുടെയൊക്കെ സഹായസഹകരണങ്ങൾകൊണ്ടും സ്ഥിരോത്സാഹങ്ങൾകൊണ്ടും സഭാംഗങ്ങളെ സംഘടിപ്പിച്ച് ഈ സൗത്താഫ്രിക്കയിൽ പതിനഞ്ചോളം സ്ഥലങ്ങളിൽ കോൺഗ്രിഗേഷനുകൾ രൂപീകരിക്കാനും വി.കുർബ്ബാന അർപ്പിക്കാനും അച്ചനു സാധിച്ചു.

200-500 കിലോമീറ്ററുകൾ യാത്ര ചെയ്തായിരുന്നു പല സ്ഥലങ്ങളിലും എത്തിയിരുന്നത്. വെളുപ്പിനെ യാത്രതിരിച്ച് രാത്രി വൈകി ചില സ്ഥലങ്ങളിലെത്തിയും വി. കുർബ്ബാന അർപ്പിച്ചിട്ടുണ്ട്. സ്ഥിരോത്സാഹത്തോടുകൂടി എട്ടുപത്തുവർഷം എം.ഒ.ജോണച്ചൻ പ്രവർത്തിച്ചതിന്റെ ഫലമായി മലങ്കരസഭയുടെ ഇടവക സൗത്താഫ്രിക്കയിൽ എസ്റ്റാബ്ലിഷ്ഡായി. സഹാറാ മരുഭൂമിക്ക് തെക്ക് സുറിയാനിക്കാരുടെ ഇടവകകളില്ല എന്ന കുറവ് പരിഹരിക്കാൻ സൗത്താഫ്രിക്കയിലെ ഇടവക മൂലം സാധിച്ചു എന്നു പറയുന്നതിൽ ഒട്ടും അതിശയമില്ല. അതിൽ എം.ഒ.ജോണച്ചൻ വഹിച്ച പങ്ക് അഭിനന്ദനാർഹമാണ്, നിത്യസ്മരണാർഹമാണ്.

ആദ്യമേ തന്നെ പൊതുയോഗങ്ങൾ കൂടി സഭാഭരണഘടന അംഗീകരിപ്പിക്കാനും, ഇടവകയ്ക്ക് ഭരണഘടന ഉണ്ടാക്കാനും അത് ഗവൺമെന്റിൽ രജിസ്റ്റർ ചെയ്ത് വ്യവസ്ഥാപിതമായി മുമ്പോട്ട് പോകാനും സാധിച്ചു. ആണ്ടിൽ ഒന്നും രണ്ടും മൂന്നും തവണ നാട്ടിൽനിന്ന് എം.ഒ.ജോണച്ചൻ ഇവിടെ എത്തിയിരുന്നു. അതുകഴിഞ്ഞ് സ്ഥിരമായി ഒരു അച്ചനെ നിയമിക്കാമെന്ന നിലയായപ്പോൾ അന്നത്തെ ഭദ്രാസനാധിപനായിരുന്ന ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുമായി ആലോചിച്ച് ഫാ.ജോസ് എം.ഡാനിയേലിനെ സഹവികാരിയായി നിയമിച്ചു. 2005-മുതൽ 2008 വരെ അദ്ദേഹം പ്രവർത്തിച്ചു. 2008 മുതൽ 2011 വരെ ഫാ. ബിജോയ് വർഗീസ് സഹവികാരിയായിരുന്നു.

ഇപ്പോൾ അഭിവന്ദ്യ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ കീഴിലുള്ള യു.കെ.-യൂറോപ്പ്-ആഫ്രിക്ക ഭദ്രാസനത്തിലെ പ്രമുഖ ദേവാലയമാണ് സൗത്താഫ്രിക്കൻ ഇടവക. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൻകീഴിൽ ഇടവകയുടെ പ്രവർത്തനങ്ങൾ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും പുതുതായി കോൺഗ്രിഗേഷനുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

2006-ൽ പള്ളിപണിയാനായി ഫാ.ഡോ. എം.ഒ.ജോണിന്റെ നേതൃത്വത്തിൽ പ.കാതോലിക്കാ ബാവായുടെ പേരിൽ രണ്ടേക്കർ സ്ഥലം പ്രിട്ടോറിയായിൽ വാങ്ങിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ അവിടെ പള്ളി പണിയാൻ ഇതുവരെ സാധിച്ചിട്ടില്ല. എങ്കിലും അധികം താമസിയാതെ മലങ്കരസഭയുടെ ഒരു മനോഹരമായ ദേവാലയം ഇന്നാട്ടിൽ പണിതുയർത്താൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് സൗത്താഫ്രിക്കയിലെ ഓർത്തഡോക്സ് ഇടവക.

# സ്വഭാവഹത്യയ്ക്ക് മുൻഗണന നൽകുന്ന പ്രചരണങ്ങളും പ്രസിദ്ധീകരണങ്ങളും

ഷാജി മഠത്തിലേത്ത്

മലങ്കര അസോസിയേഷനിൽ വിവിധ സ്ഥാനങ്ങളിലേക്കു നടക്കുന്ന തെരഞ്ഞെടുപ്പിൽ ചില സ്ഥാനാർത്ഥികൾ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് എതിർസ്ഥാനാർത്ഥികളുടെ സ്വഭാവഹത്യയ്ക്കാണ്. സ്വന്തം നേട്ടങ്ങൾ പറയുന്നതിനേക്കാൾ ചിലർക്കിഷ്ടം എതിരാളികളുടെ കുറ്റങ്ങൾ പറയാനാണ്. മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ ഭദ്രാസനതലത്തിൽ കെട്ടുകണക്കിന് ഊമക്കത്തുകളാണിറങ്ങിയിട്ടുള്ളത്. എതിർസ്ഥാനാർത്ഥികളെ പരാജയപ്പെടുത്താൻ സഭാതലത്തിൽ പ്രചരണം നടത്തുന്ന പലരും പെൺവിഷയങ്ങൾ പരാമർശിച്ചും സ്വഭാവഹത്യ നടത്തുന്നതിൽ രസിക്കുന്നുണ്ട്. തൻനിമിത്തം ചില സ്ഥാനാർത്ഥികളുടെ കുടുംബ ബന്ധങ്ങൾ തന്നെ തകരാറിലായി. ചിലർ നാണംകെട്ടു പുറത്തിറങ്ങാതായി. അടിസ്ഥാനരഹതിമായ എന്തെല്ലാം കുറ്റം പറയാമോ അതെല്ലാം അവർ ഉന്നയിക്കും. വൈദിക-അത്മായട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിലും പലരുടെയും ആയുധം ഇതാണ്. ഇന്റർനെറ്റിൽ, സോഷ്യൽ നെറ്റുവർക്കുകളിൽ തങ്ങൾ പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥികളുടെ ഗുണഗണങ്ങൾ വിവരിക്കുന്നതിനേക്കാൾ ചിലർക്കു താൽപര്യം എതിർസ്ഥാനാർത്ഥിയെ ആക്ഷേപിക്കാനും വിമർശിക്കാനുമാണ്. സഭ്യതയുടെ അതിർവരമ്പുകളെ ലംഘിക്കുന്ന പ്രയോഗങ്ങൾ എതിരാളികൾക്കു നേരെ പ്രയോഗിക്കാൻ പല ഉന്നതരായ സ്ഥാനാർത്ഥികളുടെ വാകതാക്കൾക്ക് ഒരുമടിയുമില്ലെന്നത് ഏറ്റവും ലജ്ജാകരമാണ്.

പല സ്ഥാനാർത്ഥികളുടെയും കയ്യിൽനിന്നും ഭീമമായ തുക കൈപ്പറ്റിയിട്ടാണ് പലരും എതിരാളികളുടെ സ്വഭാവഹത്യയ്ക്കിറങ്ങിയിരിക്കുന്നത്. തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളിലെ തെരഞ്ഞെടുപ്പിൽ കേട്ടാൽ അറപ്പുതോന്നുന്ന പ്രയോഗങ്ങളായിരുന്നു ചിലസ്ഥാനാർത്ഥികൾക്കു നേരെ തൊടുത്തുവിട്ടത്. പേരുവെയ്ക്കാതെ ഊമകത്തുകൾ എഴുതുന്ന സംസ്ക്കാരശൂന്യത ചില സ്ഥാനാർത്ഥികളെ സഹായിക്കാനും ചിലസ്ഥാനാർത്ഥികളെ ഉപദ്രവിക്കാനും ഒട്ടനവധിപേർ പ്രകടിപ്പിച്ചു. തിരുവനന്തപുരവും, കൊല്ലവും മാവേലിക്കരയുമൊക്കെ വിവാദകേന്ദ്രങ്ങളായി.

ചില സ്ഥാനാർത്ഥികൾക്കെതിരെ ചില പ്രസിദ്ധീകരണങ്ങളിൽ പരാമർശനങ്ങൾ വന്നത് വക്കീൽനോട്ടീസയക്കുന്നതിലേക്കും, പരസ്യമായി ക്ഷമാപണത്തിലേക്കും നയിച്ചു. വേറെ ചിലയിടങ്ങളിൽ അത് പോലീസ് ഇടപെടലിലേക്ക് നയിച്ചിട്ടുണ്ട്. വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുന്ന ഫാ.ഡോ.എം.ഒ.ജോണിനെ ഏതുവിധേനയും പരാജയപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് അത്മായവേദി എന്ന പ്രസിദ്ധീകരണം അത്മായവേദിക്കാർ ഇറക്കിയിരിക്കുന്നത്. മാന്യതയുടെയും സഭ്യതയുടെയും അതിർവരമ്പുകൾ ലംഘിച്ച് അത്മായവേദി പദപ്രയോഗങ്ങളും പരാമർശനങ്ങളും പരാജയഭീതിപൂണ്ട് ചിലർ പുറപ്പെടുവിക്കുന്ന അർത്ഥശൂന്യമായ ജല്പനങ്ങൾ മാത്രമാണ്. സ്വന്തം മക്കളെ നേരെ ചൊവ്വെ വളർത്താൻ കഴിവില്ലാത്ത ചിലരാണ് അത്മായവേദിയുടെ പേരിൽ സഭയെ നന്നാക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവരെന്ന് പുതുപ്പള്ളിക്കാർ പലരും പറയാറുണ്ട്.

കോനാട്ടച്ചന്റെ ഗുണഗണങ്ങൾ ഒന്നും പറയാൻ അത്മായവേദിക്കില്ല. പകരം എം.ഒ.ജോണച്ചനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളും വിമർശനങ്ങളും ഉയർത്തിയിരിക്കുന്നു. അവയൊന്നും മറുപടിപോലും അർഹിക്കുന്നില്ല. തെരഞ്ഞെടുപ്പുകാലത്ത് സഭാന്തരീക്ഷത്തെ മലീമസമാക്കുന്ന അനേക വാറോലകളുടെ കൂട്ടത്തിൽ ഒന്നായി മാത്രമെ അത്മായവേദി പ്രസിദ്ധീകരണത്തെ കാണാൻ സാധിക്കുകയുള്ളു. അത്മായവേദിക്ക് അനുയായികളായി വിരലിലെണ്ണാവുന്നവരെ ഉള്ളു എന്നത് വേറൊരു പരമാർത്ഥം. അവസരവാദപരമായ നിലപാടുകളാണവർ പലപ്പോഴും സ്വീകരിക്കുന്നത്. സഭാഭരണഘടന സംരക്ഷിക്കണമെന്നു പ്രസംഗിക്കുന്ന അവർ എന്തുകൊണ്ട് കോനാട്ടച്ചന്റെ പള്ളി 1934-ലെ ഭരണഘടന അനുസരിച്ചു ഭരിക്കണമെന്നു പറയുന്നില്ല. കോനാട്ടച്ചന്റെ പള്ളിയും പള്ളിവക സ്വത്തുക്കളും സ്ഥാപനങ്ങളും എല്ലാം കോനാട്ട് കുടുംബത്തിന്റെ സ്വത്തല്ലെ? അവ സഭയ്ക്ക് എഴുതികൊടുക്കാത്തതിനെതിരെ അത്മായവേദി പ്രതികരിക്കാത്തത് എന്തുകൊണ്ട്. മലങ്കരസഭയിലെ പല പള്ളികളും പല കുടുംബങ്ങളുടേതുമായിരുന്നു. എന്നാൽ ഇന്ന് അവയെല്ലാം മലങ്കര മെത്രാപ്പോലീത്തായുടെ പേർക്ക് എഴുതികൊടുത്തു. സഭയുടെവകയാണവ. എന്നാൽ കോനാട്ടച്ചന്റെ പള്ളി അങ്ങനെയല്ല. മലങ്കരസഭയുടേതല്ലാത്ത ഒരു പള്ളിയിൽനിന്ന് എങ്ങനെ മലങ്കര അസോസിയേഷനു പ്രതിനിധിരകളെ അയക്കാൻ സാധിക്കും. പാമ്പാക്കുട പള്ളി മലങ്കരസഭയുടേതല്ല. ആ പള്ളിയിൽനിന്ന് മലങ്കര അസോസിയേഷനിൽ കോനാട്ടച്ചനും എട്ടു പ്രതിനിധികളും സംബന്ധിക്കുന്നു. 1934-ലെ സഭാഭരണഘടന അനുസരിച്ച് മലങ്കര മെത്രാപ്പോലീത്തായുടെയും മലങ്കരസഭയുടെയും ഉടമസ്ഥതയിലല്ലാത്ത ഒരു പള്ളിയിൽനിന്നും അസോസിയേഷനിൽ പ്രതിനിധികളെ അയക്കുന്നതിനെ വിമർശിക്കാത്ത അത്മായവേദിക്ക് എന്ത് ആദർശമാണുള്ളത്. പാമ്പാക്കുട പള്ളി പ്രതിനിധികൾ അസോസിയേഷനിൽ സംബന്ധിക്കുന്നതു മലങ്കരസഭയിൽ നിലനിൽക്കുന്ന കേസുകളെ ദുർബലപ്പെടുത്തുന്ന നടപടിയല്ലേ. അതിനെതിരെ എന്തെ ഒരു പ്രതികരണവുമില്ലാത്തത്.

വട്ടശ്ശേരിൽ തിരുമേനിക്കെതിരെ കേസുകൊടുത്തത് കോനാട്ടച്ചന്റെ പിതാമഹനാണെന്ന കാര്യം എന്തുകൊണ്ട് അത്മായവേദി മറച്ചുവെയ്ക്കുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകനായിരുന്ന ആനപാപ്പിയുടെ കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ചവർ ആരൊക്കെയായിരുന്നുവെന്നു വെളിപ്പെടുത്താൻ അത്മായവേദി തയ്യാറാണോ? മലങ്കരസഭയുടെ കോടിക്കണക്കിനു രൂപാ വക്കീലന്മാർക്കും വ്യവഹാരങ്ങൾക്കും വേണ്ടി നൽകിയ വട്ടിപ്പണക്കേസിന്റെയും, സമുദായകേസിന്റെയും എല്ലാം മുൻനിരയിൽനിന്ന് മലങ്കരസഭയ്ക്കെതിരെ കേസുപറഞ്ഞത് ഇപ്പോഴത്തെ കോനാട്ടച്ചന്റെ പിതാമഹനായിരുന്നു എന്ന കാര്യം അത്മായവേദിക്കാർക്ക് അറിയില്ലെന്നുണ്ടോ? കോനാട്ടച്ചൻ മിടുക്കനാണ് എന്നാണഭിപ്രായമെങ്കിൽ മലങ്കരയിൽ ഇപ്പോൾ ഏറ്റവും അധികം പ്രശ്നമുള്ള കോലഞ്ചേരി പള്ളി വികാരിയായി ചുമതലയേറ്റ്, പാമ്പാക്കുടപള്ളി വികാരിയായി കോലഞ്ചേരി പള്ളി വികാരി ജേക്കബ് കുര്യൻ അച്ചനെയോ കണ്ടനാട് ഭദ്രാസനത്തിലെ വേറെ ഏതെങ്കിലും വൈദികനെയോ നിയമിക്കാൻ അത്മായവേദിക്ക് അഭിപ്രായപ്പെടാമോ? ഇനിയും ഒത്തിരികാര്യങ്ങൾ അത്മായവേദിക്കാരെ ചൂണ്ടിക്കാണിക്കാനുണ്ട്.

കോനാട്ടച്ചനെ വ്യക്തിപരമായി വിമർശിക്കണമെന്ന് എനിക്ക് ഒരിക്കലും ആഗ്രഹമുണ്ടായിരുന്നില്ല. എന്നാൽ എം.ഒ.ജോണച്ചനെ നശിപ്പിച്ചേ അടങ്ങു എന്ന് തീരുമാനിച്ചിറങ്ങിയിരിക്കുന്ന അത്മായവേദിക്കാരുടെ തരംതാഴ്ന്ന വിമർശനങ്ങൾ കേട്ടപ്പോൾ അല്പം പ്രതികരിച്ചില്ലെങ്കിൽ അത്മായവേദി വായിക്കുന്ന വിശ്വാസികളെല്ലാവരും വിഡ്ഢികളാണെന്ന് അവർ ധരിക്കുമല്ലോ എന്ന് ഓർത്ത് ഇത്രയും എഴുതി. കാശുകൊടുത്തും സ്ഥാനമാനങ്ങൾ വാഗ്ദാനം ചെയ്തും സ്വന്തം കാര്യങ്ങൾ എഴുതിപ്പിക്കുകയും എതിരാളികളെ തറപറ്റിക്കാൻ തരംതാണ ഊമകത്തുകൾ എഴുതിക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾ ക്ഷമിക്കുക.

**മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും.......**

മലങ്കരസഭാദീപത്തിൽ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മ സംബന്ധിച്ച് കൊടുത്ത വാർത്തയിൽ തീയതിക്ക് തെറ്റുണ്ടെന്ന് ആരോപിക്കുന്ന അത്മായവേദി പ്രസിദ്ധീകരണത്തിന്റെ നിർമ്മാതാക്കൾ അതേ തീയതിതന്നെയാണ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കര സഭാമാസികയിലും സഭാപഞ്ചാംഗത്തിലും പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്നത് സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുന്നു.

മഞ്ഞപിത്തം ബാധിച്ചവന് എല്ലാം........

# ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ശ്രേഷ്ഠ ബാവാ ആദ്യമായി കയറുന്നത് എം.ഒ.ജോണച്ചൻ മാനേജർ ആയിരുന്നപ്പോഴല്ല

വി.തോമസ് ആലുവ

ആലുവാ തൃക്കുന്നത്ത് സെമിനാരി പെരുന്നാളിനോടനുബന്ധിച്ചു ശ്രേഷ്ഠ ബാവായും യാക്കോബായ മെത്രാന്മാരും ഇപ്പോൾ പോലീസ് സംരക്ഷണയിൽ സെമിനാരി ചാപ്പലിലും കബറിങ്കലും കയറുന്നുണ്ട്. പോലീസ് സംരക്ഷണത്തിനുവേണ്ട ചിലവ് ഓർത്തഡോക്സ് സഭയും ഷെയർ ചെയ്യുന്നു. ഇത്തവണ കബറിങ്കൽ വി.കുർബ്ബാനയും അർപ്പിച്ചെന്നു കേൾക്കുന്നു. ഇപ്പോൾ സെമിനാരി മാനേജർ എം.ഒ.ജോണച്ചനല്ല. എം.ഒ. ജോണച്ചൻ 2008-ൽ സെമിനാരി മാനേജർ സ്ഥാനത്തുനിന്ന് മാറി. അതിനുശേഷം മലങ്കരസഭ തൃക്കുന്നത്ത് സെമിനാരി സംബന്ധിച്ച് ഔദ്യോഗികമായി കൊടുത്ത കേസുകളുടെ വിധിയെ തുടർന്നാണ് സെമിനാരി ചാപ്പൽ പെരുന്നാൾ ദിനങ്ങളിൽ ഇരുവിഭാഗത്തിനുമായി തുറന്നുകൊടുത്തതും, ശ്രേഷ്ഠബാവായും തിരുമേനിമാരും പ്രവേശിച്ചതും. കോടതിവിധിയെ തുടർന്നുള്ള പരസ്പര സമ്മതത്തിന്റെ വെളിച്ചത്തിലാണ് പള്ളി തുറന്നതും സമയക്രമമനുസരിച്ച് ഇരുവിഭാഗവും ആരാധന നടത്തുന്നതും. ക്രമസമാധാന പാലനത്തിനായി ചിലവാകുന്ന തുക 50 ശതമാനം വീതം ഇരുവിഭാഗവും നൽകിക്കൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്. ഇതൊന്നും എം.ഒ.ജോണച്ചൻ മാനേജരായിരുന്ന കാലത്ത് സംഭവിച്ചതല്ല. അതിനുശേഷം നടന്നതാണ്.

എം.ഒ.ജോണച്ചൻ 2007-ൽ മാനേജരായി ചുമതല ഏൽക്കുന്നതിനു മുമ്പെ 2005 ജൂലൈ മാസത്തിലാണ് ആദ്യമായി ശ്രേഷ്ഠബാവാ സെമിനാരിയിൽ പ്രവേശിച്ചത്. അതിന്റെ പശ്ചാത്തലം കഴിഞ്ഞലക്കം മലങ്കരസഭാദീപത്തിൽ ആലുവായിൽനിന്ന് ശ്രീ.വർഗീസ് എഴുതിയത് നൂറുശതമാനം ശരിയാണ്. ബഹു.മണ്ണാറപ്രായിൽ അച്ചനെ സെമിനാരി മാനേജർസ്ഥാനത്തുനിന്നും നീക്കം ചെയ്തതിൽ പ്രതിഷേധിച്ച് ശ്രേഷ്ഠ ബാവാ സെമിനാരി കവാടത്തിൽ നിരാഹാരം കിടന്നു. അവിടെനിന്ന് അദ്ദേഹത്തെ എഴുന്നേൽപ്പിച്ചുവിടാൻ സഭാനേതൃത്വവും സർക്കാരുമായി ആലോചിച്ച് ഉണ്ടാക്കിയ ഒരു ധാരണയുടെ അടിസ്ഥാനത്തിൽ രാത്രി രണ്ടുമണിയോടടുത്ത് സെമിനാരി പള്ളിതുറന്ന് ശ്രേഷ്ഠബാവായെ പള്ളിക്കകത്തു പ്രവേശിപ്പിച്ചു പത്തുമിനിറ്റ് അദ്ദേഹം അവിടെനിന്നു പ്രാർത്ഥിച്ചതായാണറിയുന്നത്.

അതുകഴിഞ്ഞ് 2006 ജനുവരിയിൽ പെരുന്നാളിനോടനുബന്ധിച്ച് യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൽ അങ്കമാലി ഭദ്രാസനവും തൃക്കുന്നത്ത് സെമിനാരിയും ഇരിക്കുകയും ബോബി വർഗീസ് അച്ചൻ മാനേജർ ആയിരിക്കുകയും ചെയ്യുമ്പോൾ ആഘോഷമായി ശ്രേഷ്ഠ ബാവായും കൂട്ടരും കബറിങ്കൽ പ്രവേശിച്ചു ധൂപപ്രാർത്ഥന നടത്തി. അതാണ് ശ്രേഷ്ഠ ബാവായുടെ രണ്ടാമത്തെ പ്രവേശനം.

2006 സെപ്റ്റംബറിൽ ആണ് എം.ഒ.ജോണച്ചൻ സെമിനാരി മാനേജർ ആയത്. ഇപ്പോഴത്തെ പ.കാതോലിക്കാ ബാവാ തിരുമേനിക്കായിരുന്നു അങ്കമാലി ഭദ്രാസനത്തിന്റെയും തൃക്കുന്നതത്ത് സെമിനാരിയുടെയും ഭരണം. അന്നദ്ദേഹം നിയുക്ത കാതോലിക്കാ ആയിരുന്നു. അദ്ദേഹം സെമിനാരിയിൽ ഇരിക്കുമ്പോഴാണ് 2007 ജനുവരിയിൽ പോലീസ് സംരക്ഷണയിൽ ശ്രേഷ്ഠ ബാവായും മെത്രാന്മാരും ആഘോഷമായി കബറിങ്കൽ കയറിയത്. അത് ശ്രേഷ്ഠ ബാവായുടെ മൂന്നാമത്തെ പ്രവേശനം. അതിന് എം.ഒ.ജോണച്ചനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അതുകഴിഞ്ഞ് അതിൽ പ്രതിഷേധിച്ചു തിരുവനന്തപുരത്തുപോയി പ്രതിഷേധിച്ചത് സഭാമാനേജിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് കമ്മിറ്റിയുടെയും സുന്നഹദോസ് വിശേഷാൽ യോഗത്തിന്റെയും തീരുമാനപ്രകാരമാണ്. ഇതൊക്കെ എം.ഒ.ജോണച്ചന്റെ നേതൃത്വത്തിൽ നടന്ന കാര്യങ്ങളാണെന്ന രീതിയിൽ പലരും എഴുതിവിടുന്നത് നൂറുശതമാനവും വിവരക്കേടാണ്, തെറ്റാണ്, പ്രതിഷേധാർഹമാണ്.

2007-ൽ എം.ഒ.ജോണച്ചൻ മാനേജർ സ്ഥാനത്തുനിന്നു മാറി മത്തായി ഇടയനാലച്ചൻ മാനേജരായി.

2008-ലും, 2009-ലും, 2010-ലും, 2011-ലും 2012-ലും ശ്രേഷ്ഠ ബാവാ അവിടെ കയറുന്നു ധൂപപ്രാർത്ഥന നടത്തുന്നു. ഇപ്പോഴിതാ കുർബ്ബാനചൊല്ലിയെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

വസ്തുതകൾ മറച്ചുവെച്ചിട്ട് സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാനും നിരപരാധികളെ ക്രൂശിക്കാനും ശ്രമിക്കുന്ന ചിലരുടെ ഗൂഢനീക്കങ്ങളായെ എം.ഒ.ജോണച്ചന്റെ നേരെയുള്ള ഇത്തരം ആരോപണങ്ങളെ കാണാൻ സാധിക്കുകയുള്ളു.

അടുത്ത കാലത്ത് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള വൈദികരിൽ ഏറ്റവും ശ്രേഷ്ഠനായ ഒരാളായി മാത്രമെ തൃക്കുന്നത്ത് സെമിനാരിയിൽ ആരാധനയ്ക്കു വന്നു സംബന്ധിക്കുന്ന സഭാംഗങ്ങൾക് എംഒജോണച്ചനെക്കുറിച്ച് പറയുവാൻ സാധിക്കുകയുള്ളു. ചിട്ടയായി ആരാധനകൾ നടത്തുന്ന കാര്യത്തിലും ഭംഗിയായി ഇടപെടുന്ന കാര്യത്തിലും, പ്രസംഗങ്ങളിലും വാക്കിലും പ്രവർത്തിയിലും അദ്ദേഹത്തിന് ഒരു ശ്രേഷ്ഠതയുണ്ട്. കുലീനത്വമുണ്ട്. അത് തൃക്കുന്നത്ത് സെമിനാരിയിലെ ഓർത്തഡോക്സുകാർക്ക് മറക്കാൻ കഴിയില്ല.

# ശുശ്രൂഷക്കാർ അച്ചടക്കം പാലിച്ച് ചിട്ടയായി ആരാധനയിൽ സംബന്ധിക്കണം : സഖറിയാസ് മാർ അന്തോണിയോസ്

കല്ലട : ശുശ്രൂഷക്കാർ ചിട്ടയായും ക്രമമായും ആരാധനയിൽ സംബന്ധിക്കുകയും അച്ചടക്കം പാലിക്കുകയും വേണമെന്ന് കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ അന്തോണിയോസ് പറഞ്ഞു. മാലാഖമാർക്കടുത്ത ശുശ്രൂഷകളാണ് ശുശ്രൂഷകർ നടത്തുന്നതെന്ന ബോധമവർക്കുണ്ടാകണം. ആരാധനയിൽ അവർ പട്ടക്കാരെ സഹായിക്കണം - മെത്രാപ്പോലീത്താ പറഞ്ഞു. കൊല്ലം ഭദ്രാസനത്തിലെ ശുശ്രൂഷക സംഘത്തിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ശുശ്രൂഷകർ : ചരിത്രവും ജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി ഫാ.ഡോ.എം.ഒ.ജോൺ മുഖ്യ പ്രഭാഷണം നടത്തി. ഫാ.എം.എം.വൈദ്യൻ, ഫാ.ആൻഡ്രൂസ് വർഗീസ് തോമസ്, ഫാ.ജോൺ ചാക്കോ, ഫാ.ജോസ് എം.ഡാനിയേൽ, ജോസ് കുര്യൻ പുളിയേരിൽ, ജി രാജു, ഫിലിപ്പുകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

# വൈദികട്രസ്റ്റി.....പേജ് 6-ൽനിന്ന്

ality, creative thinking, keep an effective communicative skill and adoned with interpersonal relationship.

ആയതിനാൽ വ്യക്തിയേക്കാൾ ഉപരിയായി സഭയുടെ യശസ്സ് ഉയർത്തുവാനും സഭാകാര്യങ്ങളിലും കേസുസംബന്ധമായ കാര്യങ്ങളിലും അതീവ ജാഗ്രത പുലർത്തി സഭാനേതൃത്വത്തിനും അതോടൊപ്പം സഭയുടെ താഴേതട്ടിലുള്ള ആളുകൾക്കും മാതൃകയായി നിലനിൽക്കുവാൻ എം.ഒ.ജോണച്ചന്റെ തെരഞ്ഞെടുപ്പ് സഹായിക്കും എന്ന് പ്രത്യാശിക്കുന്നു.


Vol. 18 Issue 9
March 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ——— ജോയി കുളനട



## പ.വട്ടശ്ശേരിൽ തിരുമേനി പൗരസ്ത്യ പാരമ്പര്യത്തിൽ മലങ്കരസഭയെ ഉറപ്പിച്ചു നിർത്തി : ഫാ. ഡോ.എം.ഒ.ജോൺ

മല്ലപ്പള്ളി : പൗരസ്ത്യ പാരമ്പര്യത്തിൽ മലങ്കരസഭയെ ഉറപ്പിച്ചുനിർത്തിയ പിതാവായിരുന്നു പ.വട്ടശ്ശേരിൽ തിരുമേനിയെന്ന് ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. ഓർത്തഡോക്സ് വിശ്വാസത്തിൽ മലങ്കരസഭയെ ഉറപ്പിച്ചുനിർത്തുന്നതിലും ആ വിശ്വാസം ജനങ്ങളെ പഠിപ്പിക്കുന്നതിനും പ.വട്ടശ്ശേരിൽ തിരുമേനി ശ്രദ്ധിച്ചു. പൗരസ്ത്യ ആരാധനാ പാരമ്പര്യം പ്രത്യേകിച്ച് പാശ്ചാത്യസുറിയാനി ആരാധനാ മലങ്കരസഭയിൽ പ്രചരിപ്പിക്കുന്നതിനും പ.വട്ടശ്ശേരിൽ തിരുമേനി വഹിച്ച പങ്ക് പ്രശംസാർഹമാണെന്നും ഫാ.ഡോ.എം.ഒ. ജോൺ അനുസ്മരിച്ചു.

പ.വട്ടശ്ശേരിൽ തിരുമേനിയുടെ മാതൃഇടവകയായ മല്ലപ്പള്ളി ബഥനി സെന്റ് ജോൺസ് പള്ളിയിൽ വട്ടശ്ശേരിൽതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനു പ്രധാന കാർമ്മികത്വം വഹിച്ചു പ്രസംഗിക്കുകയായിരുന്നു ഫാ.ഡോ.എം.ഒ.ജോൺ.

## തൃശൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി കൂദാശ ചെയ്തു

തൃശൂർ : ചെമ്പുകാവിൽ പുതുക്കിപ്പണിത സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഫെബ്രുവരി 3,4 തീയതികളിൽ നൂറുകണക്കിന് വിശ്വാസികളുടെയും അനേകം വൈദികരുടെയും സാന്നിധ്യത്തിൽ മെത്രാപ്പോലീത്തന്മാരായ സഖറിയാ മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ.യാക്കോബ് മാർ ഐറേനിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ നടത്തി.

മൂന്നാം തീയതി വൈകുന്നേരം ചേർന്ന പൊതുയോഗത്തിൽ രാഷ്ട്രീയ സാമുദായിക സാമൂഹിക നേതാക്കന്മാർ സംസാരിക്കുകയുണ്ടായി. നാലാം തീയതി ശനിയാഴ്ച പള്ളി കൂദാശ ചടങ്ങുകൾ, പ്രഭാത നമസ്ക്കാരം, വി.കുർബ്ബാന എന്നിവയ്ക്കുശേഷം നേർച്ചവിളമ്പോടുകൂടി ചടങ്ങുകൾ അവസാനിച്ചു. വികാരി ഫാ.വർഗീസ് ഏബ്രഹാം സ്വാഗതം ആശംസിക്കുകയും ട്രസ്റ്റി കോശി എം.പീറ്റർ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

## പരീക്ഷാ മാർഗ്ഗനിർദ്ദേശക ക്ലാസ്സ് സമാപിച്ചു

അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിൽ 10, +1, +2 വിദ്യാർത്ഥികൾക്കുവേണ്ടി പരുമല സെമിനാരിയിൽവെച്ച് നടത്തപ്പെട്ട ക്ലാസ്സ് സമാപിച്ചു. പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പൗലോസ് മാർ പക്കോമിയോസ് തിരുമേനി ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണൻ ബി.എസ്.വാര്യർ ക്ലാസ്സ് നയിച്ചു. പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി ഫാ.എബി ഫിലിപ്പ്, വൈസ് പ്രസിഡന്റ് ഫാ.ജോൺസൺ കല്ലിട്ടതിൽ, ഡോ.ഐസക് തോമസ്, പ്രൊഫ.ജോൺ മാത്യൂസ് എന്നിവർ പ്രസംഗിച്ചു. വിവിധ സ്ക്കൂളുകളിൽനിന്ന് 1200-ൽപരം വിദ്യാർത്ഥികൾ പങ്കെടുത്തു. പരുമല സെമിനാരി മാനേജർ വെരി.റവ.യൂഹാനോൻ റമ്പാന്റെ പ്രവർത്തനങ്ങളെ മാനിച്ച് പ്രാർത്ഥനായോഗത്തിന്റെ പ്രത്യേകമായ പാരിതോഷികം പ്രസിഡന്റ് ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി റമ്പാച്ചന് നൽകി.

## ഇന്ത്യൻ ഓർത്തഡോക്സ് റേഡിയോ സംപ്രേക്ഷണം ആരംഭിച്ചു

പ.നോമ്പിലെ ധ്യാനചിന്തകളും യാമപ്രാർത്ഥനകളും തിരുവചനപഠനവുമായി ഇന്ത്യൻ ഓർത്തഡോക്സ് റേഡിയോ സംപ്രേക്ഷണം ആരംഭിച്ചു. ഇന്ത്യൻ ഓർത്തഡോക്സ് റേഡിയോയുടെ പ്രോഗ്രാം ഡയറക്ടറായി സാം തോമസ് ഷാർജ പ്രവർത്തിക്കുന്നു. നാഗ്പൂർ സെമിനാരി മുൻ പ്രിൻസിപ്പളും കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകനുമായ ഫാ. ഡോ.റെജി മാത്യൂസ് നോമ്പിലെ ആദ്യ പത്തുദിവസങ്ങളിൽ ധ്യാനചിന്തകൾ പങ്കുവെയ്ക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ പ്രാർത്ഥനായോഗം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.എബി ഫിലിപ്പ് യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.സ്റ്റീഫൻ വർഗീസ് എന്നിവർ തിരുവചന പഠനങ്ങൾക്ക് നേതൃത്വം നൽകുന്നു. വിശദവിവരങ്ങൾക്ക് 00971501787906, E-mail : info@indianorthodoxnetwork.com, Website: www.indianorthodoxradio.com

## മുളന്തുരുത്തിയിൽനിന്ന് പഴയ സെമിനാരിയിലേക്ക് പദയാത്ര

മുളന്തുരുത്തി : പ.പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തിയിൽനിന്ന് പ.വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടത്തിലേക്ക് നടക്കുന്ന ആദ്യത്തെ പദയാത്ര ഫെബ്രുവരി 23-ാം തീയതി വൈകിട്ട് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് വെരി.റവ.പുളിമൂട്ടിൽ മാത്യൂസ് കോർഎപ്പിസ്കോപ്പാ ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. ഫാ.ജിയോ മട്ടുമ്മേൽ, ഫാ.ജോൺ ജോർജ്, ഫാ.മാത്യൂസ് വാതക്കാട്ടിൽ, പ്രിൻസ് കാഞ്ഞിരമറ്റം, സാബു മഠത്തുംമ്യാലിൽ തുടങ്ങിയവർ നേതൃത്വം നൽകി. കടുത്തുരുത്തി, അതിരമ്പുഴ വഴി 24ന് വൈകിട്ട് പഴയ സെമിനാരിയിലെത്തിയ തീർത്ഥയാത്രയ്ക്ക് പഴയസെമിനാരി കവാടത്തിൽ പ.കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സ്വീകരണം നൽകി.

## പാറ്റ്ന മാർ ഗ്രിഗോറിയോസ് ഇടവകയുടെ ആഭിമുഖ്യത്തിൽ സൗജന്യ സായാഹ്ന സ്ക്കൂൾ

പാറ്റ്ന : മാർ ഗ്രിഗോറിയോസ് ഇടവകയുടെയും എം.ജി.എം. സ്ക്കൂളിന്റെയും ആഭിമുഖ്യത്തിൽ ആശാദീപ് എന്ന പേരിൽ ഒരു സായാഹ്ന സ്ക്കൂൾ ആരംഭിച്ചു. ചേരിയിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, ഭക്ഷണം എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ഫാ.ഷാജി പി. ജോഷ്വാ, അലക്സാണ്ടർ എ.വി., എം.എസ്.വർഗീസ് എന്നിവർ നേതൃത്വം നൽകി. യോഗത്തിൽവെച്ച് ഈ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗംഗാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു ദേവാലയം ആണ് ഇത്. എം.ജി.എം. സ്ക്കൂളും ഇതോടൊപ്പം പ്രവർത്തിക്കുന്നു. അനുദിനം വളർന്നുവരുന്ന ബീഹാറിലെ ഏക സ്ഥാപനമാണ് ഈ സ്ക്കൂൾ. ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഇത് അനുദിനം വളർന്നുവരുന്നു.

## മലങ്കര അസോസിയേഷന്റെ വിവിധ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു

പത്തനംതിട്ട : മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാർച്ച് 7ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അങ്കണത്തിൽവെച്ച് നടത്തുന്നതിന്റെ ക്രമീകരണങ്ങളെപ്പറ്റി ആലോചിക്കുന്നതിനും സംഘാടകസമിതി രൂപീകരിക്കുന്നതിനും ബേസിൽ അരമനയിൽ കൂടിയ യോഗത്തിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷന്റെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു.

പ.കാതോലിക്കാ ബാവാ മുഖ്യ രക്ഷാധികാരിയും, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.സഖറിയാ മാർ അപ്രേം, ഡോ.ഏബ്രഹാം മാർ സെറാഫിം എന്നീ മെത്രാപ്പോലീത്തന്മാർ രക്ഷാധികാരിയും തുമ്പമൺ ഭദ്രാസനാധിപൻ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ചെയർമാനും, ഭദ്രാസന സെക്രട്ടറി ഫാ.ടൈറ്റസ് ജോർജ് വൈസ് ചെയർമാനും, ഡോ. ജോർജ് ജോസഫ് ജനറൽ കൺവീനറും, വെരി.റവ.തോമസ് ജോൺസൺ കോർഎപ്പിസ്കോപ്പാ, വെരി.റവ.കെ.റ്റി.മത്തായി കോറെപ്പിസ്കോപ്പാ, വെരി.റവ.ജേക്കബ് ഫിലിപ്പ് കോർഎപ്പിസ്കോപ്പാ, വെരി.റവ. കെ.ഇ.മത്തായി കോർഎപ്പിസ്കോപ്പാ, വെരി. റവ.ജെയിംസ് മാത്യു കോർഎപ്പിസ്കോപ്പാ, ഫാ.വർഗീസ് മാത്യു, ഫാ.ജോൺസൺ കല്ലിട്ടതിൽ, ഫാ.റോയി പി.തോമസ്, ഫാ.രാജു ദാനിയേൽ, ഫാ.കെ.റ്റി.മാത്യു, ഫാ.റ്റി.ജി.പീറ്റർ, ഫാ.തോമസ് ചാക്കോ, ഫാ.വർഗീസ് കളീക്കൽ, ഫാ.ഗബ്രിയേൽ ജോസഫ്, പ്രൊഫ.ജോൺ ജി., ഡോ.റ്റി.എ.ജോർജ്, കെ.ഒ.വർഗീസ്, പ്രൊഫ.ബാബു വർഗീസ്, ഡോ.ജോർജ് വർഗീസ് കൊപ്പാറ, ഡോ.കെ. ജെ.മാത്യു, ഷാജി മഠത്തിലേത്ത്, കെ.വി.ജേക്കബ്, പി.സി.ജോൺ, ഡോ.മോഹൻ പി. ഐ., ബാബുജി ഈശോ, ബിനോയ് ടി.തോമസ്, പി.കെ.തോമസ് എന്നിവരെ വിവിധ കമ്മിറ്റി ചെയർമാന്മാരായും കൺവീനർമാരായും തെരഞ്ഞെടുത്തു. സംഘാടകസമിതി ഓഫീസ് പത്തനംതിട്ട ബേസിൽ അരമനയിൽ പ്രവർത്തിക്കുന്നു. ഓഫീസ് സെക്രട്ടറിയുടെ ചുമതല ഫാ.റോയി എം.ഫിലിപ്പിനാണ്.

## അനുശോചിച്ചു

പത്തനംതിട്ട : തുമ്പമൺ ഭദ്രാസനത്തിലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളുടെ യോഗം പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഓഡിറ്റോറിയത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി സീനിയർ മെത്രാപ്പോലീത്തായും നിരണം ഭദ്രാസനത്തിന്റെ മുൻ മെത്രാപ്പോലീത്തായുമായ ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

ഭദ്രാസന സെക്രട്ടറി ഫാ.ടൈറ്റസ് ജോർജ്, ഫാ.രാജു ദാനിയേൽ എന്നിവർ പ്രസംഗിച്ചു. ഭദ്രാസന കൗൺസിൽ അംഗം ഷാജി മഠത്തിലേത്ത് അനുശോചന പ്രമേയം അവതരിപ്പിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor